പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325* | 17.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>,, കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, തോമസ് ചാണ്ടി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഏറ്റവും പുതിയ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; പ്രസ്തുത ഉത്തരവ് പ്രകാരം എത്ര തുകയാണ് വർക്കർക്കും ഹെൽപ്പർക്കും മാസവേതനമായി നിശ്ചയിച്ചിരിക്കുന്നതെന്നും ഏതു തീയതി മുതലാണ് വേതന വർദ്ധനവിന് പ്രാബല്യം നൽകിയിരിക്കുന്നതെന്നും അറിയിക്കുമോ; | (എ) അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഏറ്റവും പുതിയ ഉത്തരവ് 25.02.2016 ലെ സ.ഉ (എം.എസ്) നം.21/2016/സാനീവ പ്രകാരമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർമാരുടെ ഹോണറേറിയം 10000/- രൂപ (പതിനായിരം രൂപ മാത്രം) ആയും ഹെൽപ്പർമാരുടെ ഹോണറേറിയം 7000/- രൂപ (ഏഴായിരം രൂപ മാത്രം) ആയും നിശ്ചയിച്ചിരിക്കുന്നു. ഹോണറേറിയം വർദ്ധനവിന് 01.04.2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. |
| (ബി) വർദ്ധിപ്പിച്ച തുകയുൾപ്പെടെയുള്ളതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (ബി)വർദ്ധിപ്പിച്ച തുകയുൾപ്പെടെയുള്ളതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) വർക്കർമാർക്കും ഹെൽപ്പർമാർക്കും വർദ്ധിപ്പിച്ച തുക പൂർണ്ണമായി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16.02.2016 ലെ സ.ഉ(സാധാ) നം 636/2016/തസ്വഭവ പ്രകാരം വർദ്ധിപ്പിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത തുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചില്ല. |
| (ഡി)എങ്കിൽ ബാക്കി തുക ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി)2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയത്തിന്റെ 50% തുക സർക്കാർ വഹിക്കണമെന്നും, ശേഷിക്കുന്ന 50% തുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ |

| | |
|---|---|
| | അടിസ്ഥാനത്തിൽ 50% തുകയായ 1,44,81,92,400/- രൂപ (നൂറ്റിനാൽപത്തി നാല് കോടി എൺപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) വകുപ്പ് വിഹിതം നൽകുന്നതിന് 30.08.2016 ലെ സ.ഉ(സാധാ) നം.409/2016/സാനീവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 01.09.2016 ൽ സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച . ഐ.സി.ഡി.എസ് - ബി6 5820/2016 നമ്പർ ഉത്തരവിൽ, ആഗസ്റ്റ് മാസം ഹോണറേറിയത്തോടൊപ്പം വർദ്ധിപ്പിച്ച സംസ്ഥാനവിഹിതം നൽകുവാനും, 01.04.2016 മുതലുള്ള കുടിശ്ശിക ഹോണറേറിയം നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<table>
<tr><th>തസ്തിക</th><th colspan="2">കേന്ദ്ര സർക്കാർ നിരക്ക്<br>60:40</th><th>സംസ്ഥാന വിഹിതം<br>(1)<br>(രൂപ)</th><th>കേന്ദ്ര വിഹിതം<br>(2)<br>(രൂപ)</th><th>തദ്ദേശസ്വയംഭരണ വിഹിതം<br>(3)<br>(രൂപ)</th><th>ആകെ<br>(1)+(2)+(3) (രൂപ)</th></tr>
<tr><td rowspan="2">അങ്കണവാടി വർക്കർ</td><td colspan="2">3000</td><td rowspan="2">6000</td><td rowspan="2">1800</td><td rowspan="2">2200</td><td rowspan="2">10000</td></tr>
<tr><td>കേന്ദ്ര വിഹിതം<br>1800</td><td>സംസ്ഥാന വിഹിതം<br>1200</td></tr>
<tr><td rowspan="2">അങ്കണവാടി ഹെൽപ്പർ</td><td colspan="2">1500</td><td rowspan="2">4650</td><td rowspan="2">900</td><td rowspan="2">1450</td><td rowspan="2">7000</td></tr>
<tr><td>കേന്ദ്ര വിഹിതം<br>900</td><td>സംസ്ഥാന വിഹിതം<br>600</td></tr>
</table>

സെക്ഷൻ ഓഫീസർ